(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൊല്ലങ്കോട് പഞ്ചായത്തിൽപ്പെട്ട ചില കുടുംബങ്ങൾക്കാണ് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കാത്തത്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ടി കോളനി നിവാസികളുടെ ജാതി നിർണ്ണയം നടത്തുന്നതിനുവേണ്ടി കിർത്താഡ്സ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

## ആദിവാസി മിഷൻ റിപ്പോർട്ട്

**287 (635)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആദിവാസി പുനരധിവാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുനരധിവാസത്തെക്കുറിച്ചും ആദിവാസി മിഷൻ ഏറ്റവും ഒടുവിൽ റിപ്പോർട്ട് തയ്യാറാക്കിയത് എന്നാണ് ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ആദിവാസി പുനരധിവാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുനരധിവാസത്തെക്കുറിച്ചും ആദിവാസി പുനരധിവാസ വികസന മിഷൻ ഏറ്റവും ഒടുവിലായി കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് മാർച്ച് 2015-ന് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ആദിവാസി പുനരധിവാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

**288 (636)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി പുനരധിവാസ മേഖലയിൽ ആദിവാസി മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വിശദീകരിക്കാമോ ; പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly